| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.306 | | 30/11/2015 ൽ മറുപടിക്ക് | |
| ബാർ കോഴ തുടരന്വേഷണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.സാജുപോൾ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | ബാർകോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (എ) | അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | അന്വേഷണം പുരോഗമിച്ചുവരുന്നു |
| (സി) | അന്വേഷണ മേൽനോട്ടച്ചുമതല ആർക്കാണ്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തുന്നത് ; ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രിക്കെതിരെയുള്ള പരാതികൾ ഇതേ സംഘത്തിനെക്കൊണ്ട് അന്വേഷിപ്പിക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - I – ലെ പോലീസ് സൂപ്രണ്ട് ശ്രീ.ആർ.സുകേശന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. ഈ യൂണിറ്റിലെ മറ്റ് ഉദ്യോഗസ്ഥരും അന്വേഷണ സംഘത്തിൽ ഉൾപ്പെടുന്നു. ഈ രണ്ടുപേർക്കും എതിരെയുള്ള ആരോപണങ്ങൾ വ്യത്യസ്ത സമയവും വ്യത്യസ്ത വ്യക്തികളും ഉൾപ്പെട്ടതായതിനാൽ (Not part of same transaction) ഇവ രണ്ടും ഒരേ ഉദ്യോഗസ്ഥർ അന്വേഷിക്കേണ്ടതായ ആവശ്യം ഇല്ലാത്തതാണ്. |
| (ഡി) | മറ്റ് മന്ത്രിമാരുടെ പങ്കും അന്വേഷണ വിധേയമാക്കുമോ; ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ; | (ഡി) | മറ്റ് മന്ത്രിമാർക്കെതിരായ ആരോപണം നിലവിലില്ല. |
| (ഇ) | അഴിമതി കേസിൽ കോഴ വാങ്ങിയതിന്റെ തെളിവ് ലഭിച്ചാൽ, തുടർന്ന് സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ ? | (ഇ) | പ്രാഥമിക അന്വേഷണത്തിൽ അഴിമതികുറ്റം വെളിവാകുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയും കുറ്റം തെളിയിക്കാൻ ഉതകുന്ന തെളിവുകൾ ഉണ്ടെന്ന് കണ്ടാൽ കോടതിയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ